Draft #2 of File 20916/AC A8/3/2019/AC C 1 Approved by ASSISTANT REGISTRAR II (ACADEMIC) on 25-Feb-2021 01:11 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഡിഗ്രി സെർട്ടിഫിക്കറ്റ് തയ്യാറാക്കുന്നത് - ഗ്രേസ് മാർക്ക് , മറ്റ് മാർക്ക് വ്യത്യാസങ്ങൾ ലഭിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ - മാർഗനിർദേശങ്ങൾ അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 1205/AC A 8/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 26.02.2021

---

*പരാമർശം:*-i) സർവ്വകലാശാലാ ഉത്തരവ് 2626/AcA8/2020/MGU തീയതി 17 .06 .2020

ii) സർവകലാശാല ഉത്തരവ് 4210 / Ac A8/2020/MGU തീയതി :22/ 9 / 2020

**ഉത്തരവ്**

ഗ്രേസ് മാർക്ക് , പുനർമൂല്യ നിർണ്ണയം, സൂക്ഷ്മ പരിശോധന, ഇമ്പ്രൂവ്മെന്റ് പരീക്ഷാഫലങ്ങൾ എന്നിവ മുഖേനയുള്ള മാർക്ക് വ്യതിയാനങ്ങളിൽ വിദ്യാർഥികൾ വൈകി അവകാശം ഉന്നയിക്കുന്നതിനാലും , ഡിജിറ്റൽ ഡിഗ്രി ദേശീയ അക്കാഡമിക് ഡെപ്പോസിറ്ററിക്ക് കൈമാറേണ്ടതിനാലും , ഡിഗ്രി സർട്ടിഫിക്കറ്റ് generate ചെയ്തുകഴിഞ്ഞാൽ പിന്നീട് അതിൽ മാറ്റം വരാനുള്ള സാഹചര്യം ഒഴിവാക്കണമെന്ന് പരീക്ഷ വിഭാഗം ആവശ്യപ്പെട്ടിരുന്നു . ഇതുമായി ബന്ധപ്പെട്ട്, ഡിഗ്രി സെർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകുന്നതിനായും ഗ്രേസ്മാർക്ക് ലഭിക്കുന്നതിനായി വൈകി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ വൺ ടൈം ടോപ് അപ്പിലൂടെ ഗ്രേസ് മാർക്ക് നൽകുന്നതിനായും താഴെപ്പറയുന്ന മാർഗനിർദേശങ്ങൾ സമർപ്പിക്കപ്പെട്ടു.

1. **ഗ്രേസ് മാർക്ക് നൽകി കൺസോളിഡേറ്റ് ചെയ്തതിനുശേഷം** വീണ്ടും **ടോപ് അപ്പിലൂടെ ഗ്രേസ് മാർക്ക് ചേർക്കാവുന്നതാണ്.** ഇങ്ങനെ നൽകുന്ന ഒറ്റത്തവണ ടോപ് അപ്പിന് (one time top up) ശേഷം സോഫ്റ്റ്‌വെയർ ലോക്ക് ആകുന്നതാണ്. ടോപ് അപ്പിന് വിദ്യാർത്ഥി പ്രത്യേകമായി രേഖാമൂലം (written/email) അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഗ്രേസ് മാർക്കിനുള്ള അർഹത (ലഭിച്ചതും ലഭിക്കാനുള്ളതും) വിശദമായി പ്രതിപാദിക്കേണ്ടതുമാണ്. ടോപ് അപ്പിനു ശേഷം വീണ്ടും ഗ്രേസ് മാർക്കിന് അവകാശം ഉന്നയിക്കുകയില്ല എന്ന ഡിക്ലറേഷൻ വാങ്ങേണ്ടതാണ്. എല്ലാ വിശദവിവരങ്ങളും ഉൾകൊള്ളുന്ന ടോപ് അപ്പ് അപേക്ഷ പ്രത്യേകമായി തയ്യാറാക്കി സർവകലാശാല സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ് .
2. **ഡിസ്ട്രിബൂഷൻ /ടോപ് അപ്പ് മുഖേന ഗ്രേസ് മാർക്ക് നേടിയവർക്ക് പുനർമൂല്യനിര് ണയത്തിലൂടെ ലഭിക്കുന്ന അധിക മാർക്ക് നിലവിലെ മാർക്കുകളിൽ ചേർക്കാവുന്നതാണ് .** എന്നാൽ ഗ്രേസ് മാർക്ക് വിതരണം പൂർത്തിയായശേഷം (ഡിസ്ട്രിബൂഷൻ/ടോപ് അപ്പ്) പുനർമൂല്യനിര് ണയത്തിലൂടെ ലഭിക്കുന്ന അധികമാർക്കിന്മേൽ ഗ്രേസ് മാർക്ക് പുനർ വിതരണം നടത്തേണ്ടതില്ല .
3. **ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ** പുനർമൂല്യ നിർണയം , സൂക്ഷ്മ പരിശോധന , ഗ്രേസ് മാർക്ക്, പ്രസിദ്ധീകരിക്കപ്പെടാത്ത improvement / supplementary പരീക്ഷാ ഫലം , അല്ലെങ്കിൽ ഇത്തരത്തിലുള്ള മറ്റു കാരണങ്ങൾ എന്നിവ മൂലം ഉണ്ടാകുന്ന മാർക്ക് വ്യതിയാനത്തിൽ മേലിൽ അവകാശം ഉന്നയിക്കുകയില്ല എന്നും അപ്രകാരമുള്ള മാർക്ക് കൂട്ടിച്ചേർക്കാൻ മേലിൽ ആവശ്യപ്പെടുകയില്ല എന്നുമുള്ള ഒരു

സത്യവാങ്മൂലം ബന്ധപ്പെട്ട വിദ്യാർത്ഥിയിൽ നിന്ന് വാങ്ങേണ്ടതാണ്. ഡിഗ്രി സര്ടിഫിക്കറ്റിനായുള്ള ഓൺലൈൻ ആപ്ലിക്കേഷനിൽ തദനുസരണം മാറ്റം വരുത്തേണ്ടതാണ്.

മേല്പറഞ്ഞ മാർഗനിർദേശങ്ങൾ അംഗീകരിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു. മേൽ പരാമർശം സർവകലാശാല ഉത്തരവുകൾ ഇപ്രകാരം പരിഷ്കരിക്കപ്പെട്ടിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

01.വി .സി / പി.വി.സി എന്നിവരുടെ പി.എസ് മാർ
02.റെജിസ്ട്രർ / പരീക്ഷ കൺട്രോളർ എന്നിവരുടെ പി .എ മാർ
03.അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ
04.ജെ .ആർ / ഡി. ആർ / എ .ആർ (അക്കാഡമിക് /എക്സാം)
05.എ .സി .സി / ഐ. ക്യു .എ .സി /സി .എം..സ് / ടാബുലേഷൻ സെക്ഷൻസ്
06.സിസ്റ്റം അഡ്മിനിസ്ട്രേറ്റർ / സി.ഇ.ടി.ഇ.എക്സ്
07.പ്രോഗ്രാം കോ ഓർഡിനേറ്റർ,എൻ .എസ് .എസ്
08.ഡയറക്ടർ, എസ്.പി.ഇ.എസ്.എസ്
09.ഡയറക്ടർ ,ഡി .എസ് .എസ്
10 .ഫയൽ കോപ്പി / സ്റ്റോക്ക് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 20916/AC A8/3/2019/AC C 1 Approved by ASSISTANT REGISTRAR II (ACADEMIC) on 25-Feb-2021 01:11 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം